"ജോബ് ഫെയർ 2005"

126 [886] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഏതൊക്കെ ജില്ലകളിൽ "ജോബ് ഫെയർ 2005" നടത്തി എന്നും ഓരോ ജില്ലയ്ക്കും ഇതിനായി എത്ര രൂപ ചെലവിട്ടു എന്നും വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ തൊഴിൽ ദാതാക്കളാണ് ഓരോ മേളയിലും പങ്കെടുത്തത് ;

(സി) ഓരോ ജില്ലയിലും എത്ര തൊഴിൽരഹിതരാണ് മേളയ്ക്ക് എത്തിയത് ; അതിൽ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു എന്ന് മേള തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഓരോ മേളയ്ക്കും ചെലവാക്കിയ തുകയും മേള വഴി ജോലി ലഭിച്ച തൊഴിൽരഹിതരുമായുള്ള അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട്ടും എറണാകുളത്തും തിരുവനന്തപുരത്തും "ജോബ് ഫെയർ 2005" മേളകൾ നടന്നു. ഇതിനായി യഥാക്രമം 2,13,400 രൂപയും 2,15,162 രൂപയും 2,31,517 രൂപയും ചെലവായിട്ടുണ്ട്.

(ബി) മേളയിൽ പങ്കെടുത്ത തൊഴിൽ ദാതാക്കളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്ന് യഥാക്രമം 2782 പേരും 2840 പേരും 4100 പേരും പ്രസ്തുത മേളയിൽ പങ്കെടുത്തു. അതിൽ യഥാക്രമം 176, 231, 263 പേർക്ക് ജോലി ലഭിച്ചു.

(ഡി) മേളയ്ക്ക് ചെലവായ തുകയും തൊഴിൽ ലഭിച്ചവരുമായുള്ള അനുപാതവും താഴെപറയും പ്രകാരമാണ് :

ജില്ല	ചെലവ്	ജോലി ലഭിച്ചവർ	പ്രതിശീർഷ ചെലവ്
കോഴിക്കോട്	2,13,400	176	1,212
എറണാകുളം	2,15,162	231	931
തിരുവനന്തപുരം	2,31,517	263	880
*ആകെ	6,70,095	670	1,001

* പരസ്യം, സർവ്വീസ് ടാക്സ് ഇനത്തിലുള്ള പൊതു ചെലവ് 10,286 രൂപ ഉൾപ്പെടെ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/152/2013—17

LIBRARY ARCHIVES Kerala Legislative Assembly